"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വിസ്- കൊച്ചി നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - സൂപ്രണ്ടായിരുന്ന ശ്രീമതി. കെ.ഡി. ശ്യാമള-യ്ക്കെതിരായ കെ.എസ്.ആർ ഭാഗം 3 ചട്ടം 3(എ) പ്രകാരമുള്ള നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2016/2025/LSGD തീയതി,തിരുവനന്തപുരം, 14-08-2025

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.10.2015 തീയതിയിലെ ഇ7(എസ്.സി 155/14/ഇ.കെ.എം)36472/2015നം. കത്ത്
2. 04.02.2021 തീയതിയിലെ ഇയു2- 84/2016/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. 29.07.2021 തീയതിയിലെ സ.ഉ(സാധാ)നം.1422/2021/തസ്വഭവ.
4. കൊച്ചി റീജിയണൽ നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 08.06.2022 തീയതിയിലെ ജി1-2966/ആർ.ജെ.ഡി നമ്പർ റിപ്പോർട്ട്.
5. പ്രിൻസിപ്പൽഡയറക്ടറുടെ 11.08.2023, 18.10.2023, 13.11.2024 തീയതികളിലെ LSGD/PD/55539/2023-VIGC4 നമ്പർ കത്തുകൾ.
6. ശ്രീമതി കെ.ഡി. ശ്യാമള, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽചെയ്ത ഒ.എ.(ഇകെഎം)771/2023 നമ്പർ കേസിലെ 03.12.2024 തീയതിയിലെ ഉത്തരവ്.
7. 05.05.2025 തീയതിയിലെ ഇയു2-84/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
8. പ്രിൻസിപ്പൽഡയറക്ടറുടെ 06.06.2025 തീയതിയിലെ LSGD/PD/55539/2023-VIGC4 നമ്പർ കത്ത്.
9. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 04.08.2025 തീയതിയിലെ A1-1/38/2025-kpsc നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി കോർപ്പറേഷനിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി വാടകയ്ക്ക് എടുത്ത ടിപ്പർ ലോറികൾ കരാർ കാലാവധി കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ കൂടാതെ തുടർന്നും ഓടിക്കുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം യൂണിറ്റ് 19.11.2014- ൽ കൊച്ചി കോർപ്പറേഷനിൽ മെയിൻ ഓഫീസിലെ

ഹെൽത്ത് വിഭാഗത്തിൽ നടത്തിയ പരിശോധനയിൽ 2014-15 സാമ്പത്തിക വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ടിപ്പർ ലോറികൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം സംഭവിച്ചതു കാരണം 01.04.2014 മുതൽ 19.11.2014 വരെ കൊച്ചി കോർപ്പറേഷന് ₹12,89,475/-അധികമായി ചെലവഴിക്കേണ്ടി വന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത ക്രമക്കേടിന് കൊച്ചി നഗരസഭയിലെ ഹെൽത്ത് വിഭാഗത്തിലെ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടികളുടെ ഭാഗമായി കൊച്ചി കോർപ്പറേഷനിലെ സൂപ്രണ്ടായിരുന്ന ശ്രീമതി. കെ.ഡി.ശ്യാമളയ്ക്ക് പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. ശ്രീമതി.കെ.ഡി. ശ്യാമള, എന്നവർ മെമ്മോയ്ക്ക് മറുപടി സമർപ്പിക്കുകയും, ടിയാരിയുൾപ്പടെയുള്ളവർക്കെതിരായ ക്രമക്കേടുകളിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് പരാമർശം 3 പ്രകാരം ഉത്തരവാകുകയും ചെയ്തു.

3. ഇക്കാര്യത്തിൽ പരാമർശം 4 പ്രകാരം സമർപ്പിച്ച അന്വേഷണറിപ്പോർട്ടിൽ കൊച്ചി കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയ ഫയൽ രേഖകളും മുൻകാല റിപ്പോർട്ടുകളും, ഇന്റേണൽ വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടും പരിശോധിച്ചതിൽ നിന്ന് ടെണ്ടർനടപടികൾ സ്വീകരിയ്ക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് മനപ്പൂർവ്വമായ വീഴ്ച സംഭവിച്ചിട്ടില്ല എന്ന് കാണുന്നുവെന്നും ആയതിനാൽ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും മാലിന്യ നിർമ്മാർജ്ജനം തടസ്സപ്പെടാതിരിക്കാനാണ് കേരളാ മുനിസിപ്പാലിറ്റിആക്ട് സെക്ഷൻ 15 പ്രകാരമുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് മാലിന്യ നിർമ്മാർജ്ജനത്തിനായി ടിപ്പർ ലോറികൾ തുടർന്നും മുൻവർഷത്തെ നിരക്കിൽ ശ്രീ.എൻ.ആർ.ഷാജിക്ക് തന്നെ കരാർ അനുവദിക്കുന്നതിന് ബഹു.മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളതെന്നും മുൻകൂർ അനുമതി കൺസിൽ അംഗീകരിച്ചിട്ടുള്ളതുമാണെന്നും ആയതിനാൽ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എടുത്ത തീരുമാനം മൂലം നഗരസഭയ്ക്കുണ്ടായ അധിക ചെലവ് നഷ്ടമായി കണക്കാക്കാനാവില്ല എന്ന് വിലയിരുത്താവുന്നതാണെന്നും കൂടാതെ മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് കരാറുകാർക്ക് വാടക ഇനത്തിൽ അധികമായി തുക നൽകിയത് മൂലം തിരികെ ഈടാക്കേണ്ടതായി ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 54,79,290/-(അൻപത്തി നാലുലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി ഇരുനൂറ്റി തൊണ്ണൂറ് മാത്രം) രൂപയായി നിജപ്പെടുത്തിയിട്ടുള്ളതുമാണ് എന്ന് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. മേൽ വിഷയത്തിലെ അന്വേഷണറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 5 റിപ്പോർട്ട് പ്രകാരം കൊച്ചി കോർപ്പറേഷനിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി വാടകയ്ക്ക് എടുത്ത ടിപ്പർ ലോറികൾ കരാർ കാലാവധി കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ കൂടാതെ തുടർന്നും ഓടിക്കുന്നതിലെ ക്രമക്കേടുകളിൽ കൊച്ചി നഗരസഭയിലെ ആരോപണവിധേയരായ ജീവനക്കാർ മനപൂർവ്വമായ വീഴ്ചവരുത്തിയതായി കാണുന്നില്ല എന്നതിനാൽ ടിയാളുകളെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, മേൽ വിഷയത്തിലുള്ള അന്വേഷണഉദ്യോഗസ്ഥന്റേയും പ്രിൻസിപ്പൽ ഡയറക്ടറുടെയും ശിപാർശ അംഗീകരിക്കാനാകുന്നതല്ലായെന്ന് കണ്ട് തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു.

6. ഇതിനിടെ, പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടികൾ

സ്വീകരിക്കണമെന്ന ആവശ്യവുമായി ശ്രീമതി. കെ.ഡി. ശ്യാമള, ബഹു. ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇകെഎം)771/2023 നമ്പർ കേസിലെ 03.12.2024 തീയതിയിലെ ഉത്തരവ് പ്രകാരം ടിയാൾക്കെതിരായ അച്ചടക്കനടപടി 3 മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിന് പരാമർശം 6 പ്രകാരം സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

7. കൊച്ചി നഗരസഭയിലെ ഹെൽത്ത് സൂപ്രണ്ടായിരുന്ന, 31.05.2022 ൽ വിരമിച്ച ശ്രീമതി.കെ.ഡി.ശ്യാമളയ്ക്കെതിരെയുള്ള അച്ചടക്കനടപടി, KSR Part III ചട്ടം 3(a) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്ന് 1000/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം 7 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസിന് മറുപടിയായി ടിയാളെ നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്ന് അറിയിച്ചതിൻ പ്രകാരം 09.06.2025 ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി ടിയാളെ നേരിൽ കേൾക്കുകയുണ്ടായി.

7. നേരിൽ കേട്ട സമയത്ത് ശ്രീമതി.ശ്യാമള ഡി സമർപ്പിച്ച വിശദീകരണത്തിന്റെയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ, കൊച്ചി കോർപ്പറേഷനിൽ 2014-15 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ടിപ്പർ ലോറികൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചതിൽ നഗരസഭാ ജീവനക്കാർക്ക് വീഴ്ച സംഭവിച്ചതായി കാണുകയുണ്ടായി. അതിൻപ്രകാരം, ടി നഗരസഭയിലെ സൂപ്രണ്ടായിരുന്ന ശ്രീമതി കെ.ഡി. ശ്യാമളയ്ക്കെതിരായി ആരംഭിച്ച നടപടി കെ.എസ്.ആർ ഭാഗം III ചട്ടം 3(എ) പ്രകാരം ടിയാരിയുടെ പ്രതിമാസ പെൻഷനിൽ നിന്ന് 1000/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് ചെയ്ത് തീർപ്പാക്കുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊള്ളുകയും, ആയത് സ്ഥിരപ്പെടുത്തുന്നതിൽ കെ.എസ്.ആർ ഭാഗം IIIചട്ടം 3 (ഡി) പ്രകാരം കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടുകയുമുണ്ടായി.

8. പരാമർശം 9 പ്രകാരം ലഭ്യമായ കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഇക്കാര്യത്തിലുള്ള അഭിപ്രായം പ്രകാരം, ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം ഉപദേശിക്കുകയും ചെയ്യുകയുണ്ടായി.

9. മേൽ സാഹചര്യത്തിൽ കൊച്ചി കോർപ്പറേഷനിലെ ഹെൽത്ത് വിഭാഗത്തിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ടി നഗരസഭയിലെ സൂപ്രണ്ടായിരുന്ന ശ്രീമതി കെ.ഡി. ശ്യാമളയ്ക്കെതിരായി ആരംഭിച്ച നടപടി കെ.എസ്.ആർ ഭാഗം III ചട്ടം 3(എ) പ്രകാരം ടിയാരിയുടെ പ്രതിമാസ പെൻഷനിൽ നിന്ന് 1000/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് ചെയ്ത് തീർപ്പാക്കി ഉത്തരവാകുന്നു.

10. മേൽപ്രകാരം ശ്രീമതി കെ.ഡി. ശ്യാമള, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇകെഎം)771/2023 നമ്പർ കേസിലെ 03.12.2024 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം

സെക്രട്ടറി, കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.കെ.ഡി. ശ്യാമള, മുൻ സൂപ്രണ്ട്, കൊച്ചി നഗരസഭ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 14-08-2025 16:14:57
സെക്ഷൻ ഓഫീസർ